**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട**

**നിയമസഭാ ചോദ്യം നം.*22** **23-01-2018 ൽ മറുപടിയ്ക്ക്**

**സന്നദ്ധസേന രൂപീകരണം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ഇ.ടി.ടൈസൺ മാസ്റ്റർ<br>ശ്രീ.സി.ദിവാകരൻ<br>ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീ.വി.ആർ.സുനിൽ കുമാർ** | | **പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** |
| എ) | ആപത്ഘട്ടങ്ങളിൽ ശാസ്ത്രീയമായി രക്ഷാപ്രവർത്തനം നടത്താൻ വിദഗ്ധ പരിശീലനം ലഭിച്ച സന്നദ്ധസേനയ്ക്ക് (സിവിൽ ഡിഫൻസ്) രൂപം നല്കുന്നതിനെ ക്കുറിച്ച് ആലോചിക്കുന്നുണ്ടോ; | എ) | ഉണ്ട്. സംസ്ഥാനത്ത് സിവിൽ ഡിഫൻസ് ഫോഴ്സ് രൂപീകരിക്കുന്ന കാര്യം പരിഗണിച്ചു വരുന്നു. |
| ബി) | പ്രസ്തുത സേനാ രൂപീകരണത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെ യാണ്; | ബി) | പ്രകൃതി ദുരന്തങ്ങൾ മൂലമുള്ള ദോഷഫലങ്ങൾ / പ്രത്യാഘാതങ്ങൾ അനുഭവിക്കേണ്ടി വരുന്നത് ദുരന്തബാധിത പ്രദേശങ്ങളിലെ ജനങ്ങൾ തന്നെയാകയാൽ ദുരന്ത നിവാരണ രംഗത്ത് സമൂഹത്തിലെ ജനങ്ങളെ കൂടുതലായി പങ്കെടുപ്പിക്കേണ്ടത് ഇന്നത്തെ കാലത്തിന്റെ ഒരു ആവശ്യകതയാണ്. ഏത് ദുരന്തങ്ങളിലും ആദ്യം പ്രതികരിക്കേണ്ടതും ഒരു പരിധിവരെയുള്ള രക്ഷാപ്രവർത്തനങ്ങൾ തുടങ്ങിവെയ്ക്കേണ്ടതും ദുരന്തമുഖങ്ങളിലെ ജനങ്ങൾ തന്നെയാണ്. എങ്കിൽമാത്രമേ ദുരന്തങ്ങൾ മൂലം സംഭവിക്കാൻ സാധ്യതയുള്ള ആൾനാശവും സ്വത്തു നാശവുംപോലെയുള്ള നഷ്ടങ്ങൾ പരമാവധി കുറയ്ക്കാൻ സാധിക്കുകയുള്ളൂ. ഇതിനായി ജനങ്ങൾക്ക് ദുരന്ത നിവാരണ രംഗത്തെ പ്രധാന കാര്യങ്ങളായ പ്രിവൻഷൻ, പ്രിപ്പറേഷൻ, മിറ്റിഗേഷൻ എന്നിവയും റെസ്ക്യൂ, റിലീഫ്, റിഹാബിലിറ്റേഷൻ എന്നിവയും |

| | | | |
|---|---|---|---|
| | | | സംബന്ധിച്ച ശാസ്ത്രീയമായ അറിവ് പകർന്ന് നല്കേണ്ടതായിട്ടുണ്ട്. ഇത്തരം കാര്യങ്ങളിൽ വിവിധ ജനവിഭാഗങ്ങളിൽ നിന്നും പ്രാദേശിക അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന സന്നദ്ധ സേവകരെ പങ്കെടുപ്പിച്ചുകൊണ്ട് ദുരന്ത നിവാരണം നടത്തുകയാണ് സിവിൽ ഡിഫൻസ് ഫോഴ്സിന്റെ ഉദ്ദേശ ലക്ഷ്യം. |
| സി) | ഏതൊക്കെ തരത്തിലുള്ള പരിശീലനമാണ് സിവിൽ ഡിഫൻസ് അംഗങ്ങൾക്കായി നല്കുകയെന്ന് വ്യക്തമാക്കുമോ? | സി) | സിവിൽ ഡിഫൻസ് അംഗങ്ങൾക്കായി നൽകുന്ന പരിശീലനം സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ